'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - വാഴക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. രവീന്ദ്രനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2284/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/10/2019**

---

പരാമർശം:- 1 മലപ്പുറം അസിസ്റ്റന്റ് ഡെവലപ് മെന്റ് കമ്മീഷണറുടെ 06.12.2013-ലെ 30/ഡി.പി.എ//2013/എം.എൽ.പി.എം. നമ്പർ അന്വേഷണ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 23.08.2017-ലെ ഡി4-35521/2013 നമ്പർ കുറ്റാരോപണ മെമ്മോ

3 പഞ്ചായത്ത് ഡയറക്ടറുടെ 18.04.2018-ലെ ഡി4-35521/2013 നമ്പർ കത്ത്

4 സർക്കാരിന്റെ 14.06.2019-ലെ ഇപിബി3/130/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. എൻ. രവീന്ദ്രൻ സമർപ്പിച്ച 03.08.2019-ലെ പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്ന ശ്രീ. പി.എം. ഷിബുസ്കോ 2012-13 വർഷത്തെ ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കാലഘട്ടത്തിൽ 83,98,455/- രൂപ സെൽഫ് ചെക്ക് വഴി പിൻവലിച്ച് അപഹരിച്ചിട്ടുള്ളതായി പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പണാപഹരണം നടത്തിയത് വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എൻ. രവീന്ദ്രന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. രവീന്ദ്രന് 23.08.2017-ൽ പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പുതുതായി അക്കൗണ്ട് തുടങ്ങുന്നതിന് ബാങ്ക് അക്കൗണ്ടുകൾ നിലവിലുള്ള കാര്യം മറച്ച് വച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയെ തെറ്റിദ്ധരിപ്പിച്ച് തീരുമാനം എടുപ്പിച്ചതിൽ സെക്രട്ടറിയെന്ന നിലയിൽ ശ്രീ. എൻ. രവീന്ദ്രൻ യാതൊരുവിധ ഇടപെടലുകളും നടത്താതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ പ്രകാരം തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധിക്കാതെ അലോട്ട്മെന്റ് നൽകിയതും ശ്രീ. എൻ. രവീന്ദ്രന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. എൻ. രവീന്ദ്രൻ 31.10.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. എൻ. രവീന്ദ്രനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ

പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ എൻ. രവീന്ദ്രന്റെ നടപടി മൂലം സർക്കാർ പൊതുഫണ്ടിന്റെ പ്രത്യക്ഷത്തിലുള്ള ദുരുപയോഗം നടന്നിട്ടില്ലായെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കെടുകാര്യസ്ഥത മൂലം അർഹരായ എല്ലാ ഐ.എ.വൈ. ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടെന്നും ഈ വിഷയത്തിൽ സെക്രട്ടറിയെന്ന നിലയിൽ ശ്രീ. എൻ. രവീന്ദ്രന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. രവീന്ദ്രൻ 31.10.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. എൻ. രവീന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എൻ. രവീന്ദ്രൻ പരാമർശം ( 5 ) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. എൻ. രവീന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. എൻ. രവീന്ദ്രനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാഴക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. രവീന്ദ്രനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം 1, 3, 4, 5 എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എൻ. രവീന്ദ്രൻ, മുൻ സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/130/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ